## പതിമൂന്നാം കേരള നിയമസഭ
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 484 — 12.06.2012-ലെ മറുപടിയ്ക്ക്

**സഹകരണ വകുപ്പിലെ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) | സഹകരണ വകുപ്പിലെ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യത എന്താണെന്ന് വിശദമാക്കാമോ ; | (എ) | I.നേരിട്ടുള്ള നിയമനത്തിന്<br>(i).ബി.കോം വിത്ത് കോ-ഓപ്പറേഷൻ<br>(ii).ബിരുദവും, എച്ച്.ഡി.സി./ജെ.ഡി.സി.യും<br>(iii).കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി. (കോ-ഓപ്പറേഷൻ & ബാങ്കിംഗ്) |
| (ബി) | പി.എസ്.സി. മുഖേന ബി.കോം കോ-ഓപ്പറേഷൻ കഴിഞ്ഞ് മേൽ തസ്തികയിൽ ജോലി ചെയ്യുന്നവരെ വീണ്ടും സർക്കാർ ചെലവിൽ ജെ.ഡി.സി. ട്രയിനിംഗിന് അയയ്ക്കാറുണ്ടോ ; | (ബി) | അയയ്ക്കാറുണ്ട്. |
| (സി) | എങ്കിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന ഈ സമ്പ്രദായം തുടരുന്നത് എന്തിനാണെന്ന് വിശദമാക്കാമോ ; | (സി) | ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിന് ജെ.ഡി.സി. വിജയകരമായി പൂർത്തിയാക്കണമെന്ന 1962 ലെ കേരള സഹകരണ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥ പ്രകാരമാണ് ജെ.ഡി.സി. ട്രെയിനിംഗിന് നിയോഗിക്കുന്നത്. |
| (ഡി) | എങ്കിൽ ഇത് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | ഇക്കാര്യം സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ